പരമ്പരാഗതമായി കുലതൊഴിൽ ചെയ്തുവരുന്നവരേയും മൽസ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരേയും പ്രസ്തുത ഉത്തരവിലെ അനുബന്ധം (ബി)-യും (സി)-യും ആയി ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധം XI ആയി ചേർത്തിട്ടുണ്ട്.†

(സി) 13-1-2000-ലെ ജി.ഒ.(എം.എസ്) 4/2000/പജ.പവ.വിവ. പ്രകാരം ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ കമ്മീഷനെ നിയമിച്ചിരുന്നു.

(ഡി) ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ അനുബന്ധം (എ) മാനദണ്ഡ പ്രകാരമാണ് പിന്നോക്ക സമുദായത്തിലെ ക്രീമിലെയർ നിർണ്ണയിക്കാനായി ശുപാർശ ചെയ്തത്. ഇതുപ്രകാരം സമുദായ അടിസ്ഥാനത്തിൽ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ സാമൂഹ്യമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പരമ്പരാഗതമായി കുലതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗത്തെയും ലോവർ പ്രൈമറി തലത്തിൽപോലും വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത വിഭാഗത്തേയും ക്രീമിലെയറിൽനിന്നും ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തിരുന്നു.

(ഇ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ക്രീമിലെയർ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം നിർണ്ണയിച്ചുകൊണ്ട് 27-5-2000-ലെ ജി.ഒ.(പി).നമ്പർ 36/2000/പജ.പവ.വിവ. പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. സമുദായ അടിസ്ഥാനത്തിൽ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവിലെ അനുബന്ധം (ബി)-യും (സി)-യും പ്രകാരം പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും മൽസ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്ന വിഭാഗത്തേയും ക്രീമിലെയറിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധം XI 'എ' ആയി ചേർത്തിട്ടുണ്ട്. †

(എഫ്) 27-5-2000-ലെ ജി.ഒ.(പി.)നം. 36/2000/പജ. പവ.വിവ.-ാം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ക്രീമിലെയർ മാനദണ്ഡം നിർണ്ണയിച്ച് ഉത്തരവായശേഷം ഒരു സമുദായത്തേയും പുതുതായി ക്രീമിലെയറിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടില്ല.

(ജി) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ വാർഷിക വരുമാനം രേഖപ്പെടുത്താറില്ല.

പിന്നോക്ക സമുദായ വികസനത്തിനുവേണ്ടി ലഭിച്ച കേന്ദ്ര സഹായം

158 [1966] ശ്രീ. പി. ജെ. ജോയി:

" ഡി. സുഗതൻ:

" എം. എ. ചന്ദ്രശേഖരൻ:

" കെ. സി. ജോസഫ്:

" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം —XI, XIഎ

LIBRARY ARCHIVES Kerala Legislative Assembly

(എ) പിന്നോക്ക സമുദായ വികസനത്തിനുവേണ്ടി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എന്തു തുക കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്; എന്തെല്ലാം പരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ തുക കിട്ടിയത്;

(ബി) പ്രസ്തുത പരിപാടികൾ പൂർണ്ണമായും നടപ്പാക്കിയോ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽനിന്നും എന്തു തുക വകമാറ്റി ചെലവ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-2003, 2003-2004 വർഷങ്ങളിൽ പിന്നോക്ക സമുദായ വികസനത്തിനായി കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽനിന്നും 2002-2003 വർഷത്തിൽ 2758.40 ലക്ഷം രൂപയും 2003-2004 വർഷത്തിൽ 2820 ലക്ഷം രൂപയും വായ്പയായി ലഭിച്ചിട്ടുണ്ട്. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ പദ്ധതി തുടങ്ങുന്നതിനും വിദ്യാഭ്യാസ പദ്ധതിക്കും വേണ്ടിയാണ് വായ്പ കിട്ടിയത്.

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ പ്രസ്തുത പരിപാടികൾ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട് 2004 മാർച്ച് അവസാനം കിട്ടിയ തുകയിൽ 2.33 കോടി രൂപ 2004 ഏപ്രിൽ/മേയ് മാസങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഈ തുകയിൽ നിന്ന് ഒന്നും വകമാറ്റി ചെലവു ചെയ്തിട്ടില്ല.

ഗവൺമെന്റ് പ്രസ്സിലെ കമ്പ്യൂട്ടറൈസ്ഡ് അന്വേഷണ വിഭാഗം

159 [1967] ശ്രീ. സി. ടി. അഹമ്മദ് അലി:

" കെ. എൻ. എ. ഖാദർ:

" സി. മമ്മൂട്ടി:

" പി. കെ. കെ. ബാവ:

" ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സിൽ ഗസറ്റുകൾ കൃത്യമായി പ്രസിദ്ധീകരിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് അവകാശ സർട്ടിഫിക്കറ്റ് മുതലായവ ലഭിക്കുന്നതിനും മറ്റും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly